**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 237** **29-01-2024 - ൽ മറുപടിയ്ക്ക്**

**ബജറ്റ് വർക്കുകൾ ആയ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ബജറ്റ് വർക്കുകൾ ആയ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഡിഎച്ച്എസ്-20416, 20431 എന്നീ നമ്പർ ഫയലുകളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദീകരിക്കാമോ; | (എ) | എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടില്ല.<br><br>കടപ്ലാമറ്റം എഫ്.എച്ച്.സി.യിലെ കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിങ്ങ്, സൈറ്റ് പ്ലാൻ എന്നിവ 16.10.2023 ലെ കത്ത് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിരുന്നു. എഫ്.എച്ച്.സി. സ്റ്റാൻഡേർഡൈസേഷൻ ഗൈഡ് ലൈൻസ് പ്രകാരം പ്ലാൻ പുതുക്കി നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിരുന്നത് പ്രകാരം പുതുക്കിയ പ്ലാൻ 10.01.2024 ലെ കത്ത് പ്രകാരം ലഭ്യമാക്കുകയും ആയത് ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിക്കുകയും പ്രസ്തുത വിവരം ജില്ലാ മെഡിക്കൽ ഓഫീസറെ 24.01.2024 ലെ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി.യിൽ പുതിയതായി നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിങ്ങ്, സൈറ്റ് പ്ലാൻ എന്നിവ 16.10.2023 ലെ കത്ത് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിരുന്നു. എഫ്.എച്ച്.സി. സ്റ്റാൻഡേർഡൈസേഷൻ ഗൈഡ് ലൈൻസ് പ്രകാരം പ്ലാൻ പുതുക്കി നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെട്ടിരുന്നതു പ്രകാരം പുതുക്കിയ പ്ലാൻ 10.01.2024 ലെ കത്ത് പ്രകാരം ലഭ്യമാക്കുകയും ആയത് ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിക്കുകയും പ്രസ്തുത വിവരം ജില്ലാ മെഡിക്കൽ ഓഫീസറെ 24.01.2024 ലെ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ബന്ധപ്പെട്ട ഫയലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി സ്റ്റാൻഡേർഡ് | (ബി) | എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി. കടപ്ലാമറ്റം എന്നീ സ്ഥാപനങ്ങൾക്കായി പുതിയ |

| | | | |
|---|---|---|---|
| | ഗൈഡ് ലൈൻസ് പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | | കെട്ടിടം പണിയുന്നതിലേക്ക് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ പ്ലാനുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ലഭ്യമായ പ്ലാനുകൾ പ്രകാരം എഫ്.എച്ച്.സി സ്റ്റാൻഡേർഡൈസേഷൻ ഗൈഡ് ലൈൻസ് പാലിച്ചിട്ടുള്ളതായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് |
| (സി) | കോട്ടയം ജില്ലാ പൊതുമരാമത്ത് വകുപ്പ് ഇതു സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ആയത് കോട്ടയം ഡി.എം.ഒ ഡി എച്ച്.എസ്സിലേക്ക് അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദീകരിക്കാമോ; | (സി) | ഇല്ല. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ പ്ലാനുകൾ ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നു. ആയത് ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് തിരികെ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നല്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (ഡി) | പ്രസ്തുത പ്രവൃത്തിയുടെ പ്ലാനുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടർ എസ്റ്റിമേറ്റുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ